# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2636**     **18.08.2017 ൽ മറുപടിക്ക്**

**നെടുമങ്ങാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ..സി. ദിവാകരൻ | | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) & ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1.വട്ടപ്പാറ – കുറ്റിയാണി - പോത്തൻകോട് റോഡ് - 5.62 കോടി - എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>2. വേങ്കോട് - സൺനഗർ - മുളമുക്ക് റോഡ് -3.77 കോടി - എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br>3. 2016-17 ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി വഴയില – പഴകുറ്റി - കച്ചേരി നട - പതിനൊന്നാം കല്ല് റോഡ് നാലുവരി പാതയാക്കുന്നത് - 50 കോടി - വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>4. 2016-17 ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി നെടുമങ്ങാട് - അരുവിക്കര – വെള്ളനാട് റോഡ് - 41.6 കോടി രൂപയ്ക്ക് കിഫ്ബി മുഖേന |
| ബി) | ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | | |

ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ 2017-18 ബഡ്ജറ്റ് സ്പീച്ചിൽ പഴകുറ്റി - വെമ്പായം - മംഗലപുരം റോഡ് വികസനത്തിനായി 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട് - ഇൻവെസ്റ്റിഗേഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ദേശീയപാത വിഭാഗത്തിന് കീഴിൽ പ്രവർത്തികളൊന്നും തന്നെയില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

| | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | നെടുമങ്ങാട് താലൂക്ക് ആശുപത്രി പുതിയ കെട്ടിട നിർമ്മാണം - 536 ലക്ഷം | ഇലക്ട്രിക്കൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ് |
| 2 | നെടുമങ്ങാട് സബ് ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണം- 210 ലക്ഷം | ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. |
| 3 | നെടുമങ്ങാട് നെട്ടയിൽ സർക്കാർ ഉദ്യോഗസ്ഥരുടെ ഫ്ലാറ്റ് ടൈപ്പ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണം - 250ലക്ഷം | സിവിൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലും , ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കേണ്ടതുമാണ്. |
| 4 | കരിപ്പൂർ ഗവ. ഹൈസ്കൂളിന്റെ പുതിയ കെട്ടിടം - 80 ലക്ഷം | പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| 5 | ചിറ്റാഴ ഗവ. യു പി സ്കൂളിന്റെ രണ്ട് ക്ലാസ് മുറികളുടെ നിർമ്മാണം - 25 ലക്ഷം | പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രസ്തുത വകുപ്പിന് കൈമാറുകയും ചെയ്തു. |
| 6 | കരകുളം വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണം - 37.35 ലക്ഷം | പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രസ്തുത വകുപ്പിന് കൈമാറുകയും ചെയ്തു. |
| 7 | പൂവത്തൂർ ഗവ. ഹൈസ്കൂളിന്റെ മൂന്നാം നിലയുടെ കെട്ടിട നിർമ്മാണം - 70 ലക്ഷം. | പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.